പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7943 — 24.07.2012-ൽ മറുപടിയ്ക്ക്

# പവർ ബൈപ്പാസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) അടിക്കടി ഏർപ്പെടുത്തുന്ന പവർകട്ട് ഒഴിവാക്കുന്നതിനും ഉപഭോക്താക്കൾക്ക് തടസ്സം കൂടാതെ വൈദ്യുതി ലഭിക്കുന്നതിനും പവർ ബൈപ്പാസ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (എ) & (ബി) അടിക്കടി ഇപ്പോൾ പവർ കട്ട് ഏർപ്പെടുത്തുന്നില്ല. കൂടുതൽ വൈദ്യുതി പ്രസരണ ലൈനിലൂടെ പ്രതിസന്ധികളില്ലാതെ സംസ്ഥാനത്തെത്തിക്കുവാൻ വേണ്ടിയും, പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി 400 കെ. വി പവർ ഹൈവേ തിരുനെൽവേലിയിൽ നിന്നും ഇടമൺ, കൊച്ചിൻ ഈസ്റ്റ്, മാടക്കത്തറ വഴി അരീക്കോടിലേയ്ക്ക് പവർ ഗ്രിഡ് കോർപ്പറേഷൻ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇതു തടസ്സം കൂടാതെ അന്തർ സംസ്ഥാന വൈദ്യുതി സംസ്ഥാനത്ത് എത്തിക്കാൻ സഹായകമാവും. ഇതിനു പുറമേ പവർ ബൈപ്പാസ് എന്ന പേരിൽ മറ്റേതെങ്കിലും പദ്ധതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.